സി.ജി(2) 50471/13

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 21-08-2014.
website : www.cooperation.kerala.gov.in
e-mail : keralarcs.coop@kerala.gov.in

# സർക്കുലർ നമ്പർ 42/14

വിഷയം: സഹകരണ വകുപ്പ് - മത്സ്യതൊഴിലാളി കടാശ്വാസം -സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും മത്സ്യതൊഴിലാളികൾ എടുത്ത വായ്പകൾക്ക് കടാശ്വാസം -ഈട് ആധാരം തിരികെ നൽകുന്നത്- സംബന്ധിച്ച്

സൂചന: 1) 6-12-2010-ലെ സ.ഉ.(പി) 91/2010/മതുവ നമ്പർ ഉത്തരവ്.
2) സഹകരണസംഘം രജിസ്ട്രാറുടെ 1/2011, 12/2011, 88/2011, 31/2012 നമ്പർ സർക്കുലർ മാർഗ്ഗ നിർദ്ദേശങ്ങൾ.
3) 16.07.2014 ലെ 1527/പി.എസ്2/14/സഹ/നമ്പർ സർക്കാർ കത്ത്.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും മത്സ്യതൊഴിലാളികൾ എടുത്തിരുന്ന കടങ്ങൾക്ക് കടാശ്വാസം അനുവദിച്ച് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (2) പ്രകാരം പുറപ്പെടുവിച്ചിരുന്നു.

കടാശ്വാസമായി സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ലഭ്യമാകേണ്ട തുകയുടെ ആദ്യഗഡു ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ മത്സ്യതൊഴിലാളികൾ നൽകിയ ജാമ്യ രേഖകൾ/പ്രമാണങ്ങൾ എന്നിവ ബന്ധപ്പെട്ടവർക്ക് ഒരു മാസത്തിനകം തിരികെ നൽകേണ്ടതാണെന്നും സൂചന സർക്കുലറിൽ മാർഗ്ഗ നിർദ്ദേശം നൽകിയിരുന്നു. ടി വിഷയം സംബന്ധിച്ച് സൂചന (3) ലെ നിർദ്ദേശത്തിന് അനുസൃതമായി ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

മത്സ്യതൊഴിലാളി കടാശ്വാസവുമായി ബന്ധപ്പെട്ട കേസുകളിൽ സൂചന സർക്കാർ ഉത്തരവിനും, സർക്കുലർ മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമായി വായ്പക്കാർ അടയ്ക്കാൻ ശേഷിക്കുന്ന തുക വായ്പക്കാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്ക് ഈട് ആധാരം തിരികെ നൽകേണ്ടതാണ്.

ടി നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളുടെയും/ബാങ്കുകളുടെയും, വകുപ്പുതല ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

ഒപ്പ്
എസ്.ലളിതാംബിക ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്കും
2. രജിസ്ട്രാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, എറണാകുളം.
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് /കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
4. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ,
   കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
5. എല്ലാ ജില്ലാ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് രജിസ്ട്രാർ/കൺകറന്റ്
   ആഡിറ്റർമാർക്കും.
6. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്ക്(ജോയിന്റ് രജിസ്ട്രാർ മുഖേന)
7. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ
   (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമ
   വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
10. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്

11. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
12. സ്റ്റോക്ക് ഫയൽ/സ്പെയർ.
13. വെബ്സൈറ്റ്